23

# ദൈവത്തിന്റെ ജ്ഞാനവും ശക്തിയും

**1 കൊരിന്ത്യർ 1:18-2:5**

*"നിങ്ങളോ അവനാൽ ക്രിസ്തുയേശുവിൽ ഇരിക്കുന്നു, അവൻ നമുക്കു ദൈവത്തിങ്കൽ നിന്നു ജ്ഞാനവും നീതിയും, ശുദ്ധീകരണവും, വീണ്ടെടുപ്പുമായി തീർന്നു" (1 കൊരിന്ത്യർ 1:30).*

"ക്രിസ്തു ദൈവജ്ഞാനവും ദൈവശക്തിയു[മാണ്]" എന്നു, ബൈബിൾ പറയുന്നു (1 കൊരിന്ത്യർ 1:24). യേശുവിനെ കർത്താവായിട്ടാണ് ആ വാക്യം പറയുന്നത്. നമുക്ക് ആവശ്യമുള്ളതെല്ലാം ദൈവം യേശുവിൽ വെച്ചിരിക്കുന്നു. നാം അവനിൽ പരിപൂർണ്ണരാകുന്നു (കൊലൊസ്യർ 2:10). ക്രിസ്ത്യാനിത്വം ക്രിസ്തുവാണ്. ക്രിസ്ത്യാനിയുടെ ശക്തി ദൈവത്തിന്റെ ക്രിസ്തുവിലാണ്, അല്ലാതെ മനുഷ്യന്റെ രീതികളിലല്ല. യേശുവിൽ മാത്രമെ സമൃദ്ധമായ ജീവിതം കെട്ടിയുയർത്തുവാൻ കഴിയൂ. ആവശ്യപ്പെടുന്നതും മൗലികവുമാണ് ക്രിസ്ത്യാനിത്വം. മനുഷ്യൻ പുറമേ – ഉയർത്തുവാനും പുനരാവർത്തി നടത്തുവാനും ശ്രമിക്കുന്നു; ദൈവം ഹൃദയത്തെ മാറ്റി വയ്ക്കുക മാത്രമേ ചെയ്യുന്നുള്ളൂ. ക്രിസ്ത്യാനിത്വം ഒരു പരിപാടിയല്ല, ഒരു വ്യക്തിയാണ്.

നമ്മുടെ ജീവിതത്തിൽ നിന്നു പാപത്തെ നീക്കിക്കളയുന്നതു സുവിശേഷ ശക്തിയാണ് (1 കൊരിന്ത്യർ 1:17; എൻഐവി). ക്രിസ്ത്യാനിത്വം ഒരു വ്യക്തിക്കു പുതിയ സൃഷ്ടിത്വവും, പുതിയ ജീവനും, പുതിയ മനസ്സും തരുന്നു (2 കൊരിന്ത്യർ 5:17; നോക്കുക യോഹന്നാൻ 3:1-7; ഗലാത്യർ 2:20). നാം ദൈവത്തിനുവേണ്ടി ജീവിക്കേണ്ടതിനു പാപസംബന്ധമായി മരിക്കേണ്ടതിനാണ് യേശു നമ്മെ വിളിക്കുന്നത്.

ക്രൂശ് നമ്മുടെ സാധാരണ ചിന്താഗതിയെ കീഴ്മേൽ മറിക്കുന്നു. നാം മരിക്കുന്നതു ജീവിക്കുവാനും ജീവൻ നല്കുന്നതു അതു പ്രാപി

ക്കേണ്ടതിനുമാണെന്നു ക്രൂശ് വ്യക്തമാക്കുന്നു. മുകളിലേക്കുള്ള വഴി താഴെ ആയിരിക്കുമെന്നും അവസാനത്തേതു ആദ്യമായി തീരും എന്നുമാണ് അതു പറയുന്നത്.

ക്രൂശിക്കപ്പെട്ട ദൈവം ജീവൻ ഉള്ളവനാണ്. അവൻ സർവ്വശക്ത നാണ്, എന്നാൽ അവൻ സ്വയം മനുഷ്യനായി തീർന്നു. ഒരു ക്രിസ്ത്യാ നിയും ജീവനുള്ളവനാണ്. അവൻ മരിച്ചുജീവിക്കുന്നവനാണ്. അവൻ മരിച്ചവനാണ്, എങ്കിലും മുഴുവനായി ജീവിക്കുന്നവനാണ്! ആളു കൾക്കു ജീവൻ വേണം - എന്നാൽ മരണത്തെ ജീവങ്കലേക്കുള്ള വഴി ആയിട്ടാണ് ക്രൂശ് നല്കുന്നത്. ആളുകൾക്കു വിജയം വേണം - എന്നാൽ വിജയത്തിലേക്കു നയിക്കുന്ന പരാജയമാണ് ക്രൂശ്. ആളു കൾക്ക് ആശ്വാസം വേണം - എന്നാൽ ക്രൂശ് നമ്മുടെ മനസാക്ഷിയെ കുത്തി ദൈവത്തിന്റെ പാപമോചനത്തിൽ നമുക്ക് ആശ്വാസം ലഭി ക്കുവാൻ സുവിശേഷം അനുസരിക്കുവാൻ നമ്മെ സഹായിക്കുന്നു. ആളുകൾക്കു സമാധാനം വേണം - എന്നാൽ ക്രൂശ് നമ്മെ ഒരു പോരാ ട്ടത്തിലൂടെ സമാധാനം കൈവരിക്കുമാറാക്കുന്നു. ആളുകൾ സൗന്ദര്യത്തെ ബഹുമാനിക്കുന്നു - എന്നാൽ ക്രൂശ്, അപകീമായതും, വിരൂപമായതുമായ സൗന്ദര്യത്തെ പിന്തള്ളുന്ന ഒരു മനോഹാരിത പ്രക ടിപ്പിക്കുന്നു. നാം ദൈവത്തിന്റെ ശക്തിയും ജ്ഞാനവും ആഗ്രഹി ക്കുന്നു എങ്കിൽ, നാം തുടങ്ങേണ്ടതു ക്രൂശിലെ ക്രിസ്തുവിൽ നിന്നാണ്.

### ക്രിസ്തു, ദൈവത്തിന്റെ ശക്തി

“രക്ഷക്കുള്ള ദൈവശക്തി” സുവിശേഷ സന്ദേശത്തിലാണെന്നു പൗലൊസ് പറഞ്ഞു (റോമർ 1:16). ക്രൂശു മുഖാന്തരം പാപികളെ രക്ഷി ക്കുന്നത് എങ്ങനെയുള്ള ദൈവമാണ്? പാപമോചനവും കൃപയും ഉള്ള ദൈവം! നമ്മുടെ ലോകം ആരാധിക്കുന്നത് മൃഗീയ ശക്തിയെയാണ്. ലോകത്തുള്ള സർവ്വശക്തിയേയും യോജിപ്പിച്ചുള്ളതിനേക്കാൾ വലു താണ് ദൈവശക്തി. അതു ഭയങ്കരവും, എന്നേക്കുമുള്ളതും, കരുണ നിറഞ്ഞതുമാണ്.

ദൈവം തന്റെ വചനത്താൽ ലോകത്തെ സൃഷ്ടിക്കുകയും വഹി ക്കുകയും ചെയ്യുന്നു (ഉല്പത്തി 1; 2; എബ്രായർ 1:3). ദൈവാധീന മുള്ള ശക്തിയാണ് അവനുള്ളത്, തന്നെ സ്നേഹിക്കുന്നവർക്കു സക ലവും അവൻ നന്മക്കായി പ്രവർത്തിക്കുന്നു (റോമർ 8:28).

എങ്ങനെയായാലും, ദൈവത്തിന്റെ ഏറ്റവും വലിയ ശക്തി ക്രൂശിൽ വെളിപ്പെടുത്തിയിരിക്കുന്നു. ആ ശക്തി അവന്റെ ബലഹീന തയായി വിശദീകരിച്ചിരിക്കുന്നു! “ബലമുള്ളതിനെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ബലഹീനമായതു തിരഞ്ഞെടുത്തു” എന്നു പൗലൊസ് പറഞ്ഞിരിക്കുന്നു (1 കൊരിന്ത്യർ 1:27).

പരിധിയില്ലാത്ത താഴ്മയുള്ളവനാണ് ദൈവം. അവൻ നമുക്കു രക്ഷ തരുന്നു, എന്നാൽ അതു തിരഞ്ഞെടുക്കുവാനും തിരഞ്ഞെടുക്കാതിരി പ്പാനും അവൻ നമുക്കു സ്വാതന്ത്ര്യം തന്നിരിക്കുന്നു. അവൻ തന്റെ വഴി നമ്മിൽ അടിച്ചേൽപ്പിക്കുന്നില്ല - അവൻ വാതില്ക്കൽ വന്നു

മുട്ടുന്നു (വെളിപ്പാട് 3:20). നമുക്കു തിരഞ്ഞെടുക്കുവാനുള്ള അവസരം തരുന്നതിലൂടെ, ദൈവത്തിന്റെ താഴ്മയെ നാം കാണുന്നു. നമുക്ക് യാതൊന്നും വളർത്തുവാൻ കഴിയുകയില്ല എന്ന് യേശു തനിക്കു നമ്മോടുള്ള മനോഭാവത്തിൽ പഠിപ്പിക്കുന്നു.

നഗ്നനായി ക്രൂശിൽ ഒരാൾ മരിക്കുന്നതിനേക്കാൾ നിസ്സഹായമായ അവസ്ഥ മറ്റൊന്നില്ല, എന്നാൽ ദൈവത്തിന്റെ ഏറ്റവും വലിയ പ്രവൃത്തി ഒരു മനുഷ്യനായ, തന്റെ പുത്രൻ മുഖേന, ക്രൂശിൽ വച്ച് പൂർത്തിയാക്കി. ക്രൂശിന്റെ ശക്തി പരിഗണിക്കുക: ഒരു പാപിയെയും ഒഴിവാക്കാതെ സകല പാപികൾക്കും വേണ്ടിയാണ് യേശു മരിച്ചത്, ക്രൂശിനു നീക്കം ചെയ്യുവാൻ കഴിയാത്ത ഒരു പാപവുമില്ല.

പെട്ടെന്നുണ്ടായ പ്രതിഭാസമായിരുന്നില്ല കാൽവരിയിലെ യേശുവിന്റെ മരണം. ലോകാരംഭത്തിനു മുൻപു പ്രഖ്യാപിച്ച നിത്യമായ ഒരു സത്യത്തിന്റെ നിറവേറലായിരുന്നു അത്. യേശു വെറും ആറുമണിക്കൂറല്ല ക്രൂശിൽ ആയിരുന്നത്. ഒരർത്ഥത്തിൽ, അവൻ അവിടെ മുപ്പത്തി - മൂന്നു വർഷം ഉണ്ടായിരുന്നു. തന്റെ ഭൗമിക ജീവിതത്തിൽ അവൻ അതു ഓരോ ദിവസവും അഭിമുഖീകരിച്ചു.

നമ്മുടെ രക്ഷയുടെ ഉറവിടം യേശുവാണ്; നമ്മുടെ രക്ഷക്കുള്ള മാർഗ്ഗം ആയിരുന്നു ക്രൂശ്. ബലഹീനതയിൽ പൂർണ്ണമാകുന്നതാണ് ദൈവത്തിന്റെ ശക്തി (2 കൊരിന്ത്യർ 12:6-10). ബലഹീനതയാൽ യേശു ക്രൂശിക്കപ്പെട്ടു എങ്കിലും, യേശു ദൈവശക്തിയാണ് പ്രദർശിപ്പിച്ചത് (2 കൊരിന്ത്യർ 13:4). നമുക്കു അതിനോടു ചെയ്യാൻ കഴിയുന്നത് അതിനെ താഴ്മയോടെ സ്വീകരിക്കുക എന്നതാണ്. നാം അതിനെ തള്ളിക്കളഞ്ഞാൽ, അതു നമ്മുടെ നിത്യനാശത്തിനു കാരണമാകും.

ജെർമ്മൻ തത്വചിന്തകനും നിരീശ്വരവാദിയുമായ ഫ്രൈഡ്റിച്ച് നിയറ്റ്സ്കെ ശക്തിയെ ആരാധിച്ചിരുന്നു. യേശു ബലഹീനൻ എന്നു കരുതി അവൻ യേശുവിനെ നിന്ദിച്ചു. നിയെറ്റ്സ്കേ മരിച്ചുപോയി; എന്നാൽ സുവിശേഷം ഇന്നും പ്രസംഗിക്കപ്പെടുന്നു.

### ക്രിസ്തു, ദൈവത്തിന്റെ ജ്ഞാനം

യേശു "നമുക്കായി ദൈവത്തിന്റെ ജ്ഞാനമായിത്തീർന്നു" (1 കൊരിന്ത്യർ 1:30) എന്നാണ് പൗലൊസ് പറഞ്ഞത്. അവന്റെ ജ്ഞാനത്താൽ നയിക്കപ്പെടുന്നതാണ് ദൈവശക്തി. അവന്റെ വലിയ ജ്ഞാനത്തിന്റെ പ്രകടനമാണ് നമുക്കുവേണ്ടിയുള്ള അവന്റെ വലിയ രക്ഷാപദ്ധതി.

ക്രിസ്ത്യാനിത്വത്തിന്റെ നടുവിൽ, ദൈവം, തന്റെ ജ്ഞാനത്തിൽ ഒരു കുരിശ് വെച്ചിരിക്കുന്നു. മനുഷ്യൻ വിചാരിക്കുന്നതു കുരിശ് വിചിത്രമാണെന്നാണ്, എന്നാൽ ദൈവം പറയുന്നത് അതു തന്റെ മഹത്വത്തിന്റെ പൂർണ്ണതയാണ് എന്നാണ്.

എല്ലാ പാപവും തോന്നലാണെന്ന് പാപം അടിവരയിടുന്നു. (സങ്കീർത്തനങ്ങൾ 19:13; 2 പത്രൊസ് 2:10). ദൈവം വിചാരിക്കുന്നതു പോലെ തന്നെ അല്ലെങ്കിൽ, അങ്ങനെ ആയിരിക്കണം തങ്ങൾ വിചാരിക്കുന്നതു എന്നാണ് മനുഷ്യന്റെ തോന്നൽ. ജീവിതം *ശ്രേഷ്ഠം* ആക്കു

മെന്നു മനശാസ്ത്രം വാഗ്ദാനം നൽകുന്നു. ക്രിസ്തു പാപികൾക്കു ജീവൻ നല്കുന്നു, *അവസരം*! മരിച്ച മനുഷ്യർക്കു പുനരധിവാസമല്ല, ജീവൻ ആണ് വേണ്ടത് (എഫെസ്യർ 2). മരിച്ചവരെ ഉയിർപ്പിക്കുവാൻ ദൈവശക്തി എല്ലായ്പ്പോഴും ഉണ്ട്. ക്രൂശിൽ ദൈവം പാപികളെ മരിച്ചവരിൽ നിന്നുയിർത്തെഴുന്നേല്പിക്കുന്നു.

യുദ്ധത്തിൽ നിന്നും, പട്ടിണിയിൽ നിന്നും, രോഗത്തിൽ നിന്നുമുള്ള രക്ഷയാണ് മനുഷ്യർ ആഗ്രഹിക്കുന്നത്. ക്രൂശിലെ ക്രിസ്തു നമ്മെ പാപത്തിൽ നിന്നാണ് രക്ഷിക്കുന്നത്. മനുഷ്യൻ പാപത്തിൽ നിന്നു രക്ഷിക്കപ്പെടുന്നതുവരെ, അവന് യുദ്ധപ്രശ്നമോ, മറ്റുള്ളവരുടെ മോശമായ പെരുമാറ്റമോ അല്ലെങ്കിൽ സാമൂഹ്യ അനീതിയോ പരിഹരിക്കുവാൻ കഴിയുകയില്ല. പാപത്തിനുള്ള പരിഹാരം ക്രൂശു മാത്രമാണ്.

ബുദ്ധിപരമായി അഹങ്കരിക്കുന്നവർക്ക്, ഇപ്പോഴും ക്രൂശ് വിഡ്ഢിത്തമാണ്. മനുഷ്യൻ ആഗ്രഹിക്കുന്നതു ജ്ഞാനമല്ല, അധികാരമാണ് - വിശ്വാസമല്ല, പ്രബോധോദയമാണ്. ഒരാൾ ക്രൂശിനെ പിടിക്കുമ്പോൾ അതേ സമയം തന്നെ അഹങ്കാരവും, വെറുപ്പും, പാപവും പിടിച്ചു കൊണ്ടിരിപ്പാൻ സാധ്യമല്ല. ക്രൂശിങ്കൽ നിന്നു ആർക്കും വീരവാദം പറയാവുന്നതല്ല.

രക്ഷിക്കപ്പെടുവാൻ ആഗ്രഹിക്കാത്ത ഒരു ലോകത്തെ രക്ഷിപ്പാനാണ് യേശു ക്രൂശിൽ മരിച്ചത്. എന്തൊരു രക്ഷകൻ! ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ മാത്രം അറിയുവാനാണ് പൗലൊസ് തീരുമാനിച്ചത് (1 കൊരിന്ത്യർ 2:1-5). അതു വിശ്വസിക്കുകയും പഠിപ്പിക്കയും ചെയ്യുക! സുവിശേഷ സന്ദേശത്തിന്റെ ശക്തിയിലുള്ള വിശ്വാസം ഒരിക്കലും നഷ്ടപ്പെടുത്താതിരിക്കുക! ക്രിസ്തുവിനെ കൂടാതെയുള്ള ക്രിസ്ത്യാനികളും, ദൈവത്തെ കൂടാതെ ദൈവഭക്തിയുള്ളവരും ആത്മാവില്ലാതെ ആത്മീയരും ആകുവാൻ ശ്രമിക്കുന്നതു നമുക്കു വിട്ടു കളയാം.

ശിക്ഷക്കുള്ള ഉപകരണം (ക്രൂശ്) എടുക്കാനും അതിനെ ഭൂമിയിലെ ഏറ്റവും വലിയ ഉത്തേജകമാക്കുവാനും ദൈവത്തിനു മാത്രമേ കഴിയൂ. ക്രൂശിലല്ലാതെ, സ്വയം മരിക്കുവാനുള്ള ശക്തിയോ, പൂർണ്ണതയോടെ ജീവിക്കുവാനുള്ള ജ്ഞാനമോ മറ്റൊന്നിലുമില്ല. യേശു പറഞ്ഞു, "ഞാനോ, ഭൂമിയിൽ നിന്നും ഉയർത്തപ്പെട്ടാൽ, സകല മനുഷ്യരേയും എങ്കലേക്കു ആകർഷിക്കും" (യോഹന്നാൻ 12:32). ക്രൂശിൽ ദൈവ ജ്ഞാനവും ദൈവശക്തിയും നിറഞ്ഞിരിക്കകൊണ്ടാണ് അവന്നു സകല മനുഷ്യരേയും തന്നിലേക്കു ആകർഷിക്കുവാൻ കഴിഞ്ഞത്.

*ക്രൂശ് ...*
*അല്ലാതെ മറ്റൊരു വഴി ഇല്ല!*

© 2009 Truth for Today